(ബി) 1977 ജനുവരി 1-ന് മുൻപ് കുടിയേറിയവർക്ക് പട്ടയം നൽകണമെന്ന് കോടതി വിധിയുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിലവിൽ ഉണ്ട് ; ഇവർക്ക് പട്ടയ വിതരണത്തിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് 1993-ലെ പ്രത്യേക ചട്ടം (1-1-1977-ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി)1960-ലെ ഭൂമി പതിവ് നിയമത്തിലെ വകുപ്പ് 7-ന്റെ പിൻബലത്തിൽ കേരള സർക്കാർ രൂപം നൽകിയ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടം (1-1-1977-ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിന് പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നിയമസാധുത നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ 650 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭം

106(2984) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മെയ് മാസം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലുണ്ടായ പ്രകൃതി ക്ഷോഭത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെയാണ്, എത്ര രൂപ നഷ്ട പരിഹാരം നൽകി; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കൃഷി നാശം സംഭവിച്ചവർക്ക് കൃഷി വകുപ്പ് മുഖേന എത്ര രൂപ നഷ്ടപരിഹാരമായി തിട്ടപ്പെടുത്തിയിട്ടുണ്ട്, ഇതു സംബന്ധിച്ച് ക്യാബിനറ്റ് തീരുമാനം ഉണ്ടായിട്ടുണ്ടോ;

(സി) മീനച്ചിൽ വൈക്കം താലൂക്കുകളിലെ നഷ്ടപരിഹാരമായി സർക്കാർ കണക്കാക്കിയിരിക്കുന്നത് എത്ര രൂപയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. ആശ്വാസ ധനസഹായം ലഭിച്ചവരുടെ വിവരം താഴെ ചേർക്കുന്നു:

ക്രമനമ്പർ	പേര് വിലാസം	അനുവദിച്ച തുക
1	വാസന്തി കീഴൂർ, മുളക്കുളം	5000
2	മൈഥിലി, കുറുവേലിക്കുഴി, മുളക്കുളം	8000
3	രാജേഷ് വാളംതുരുത്തിൽ, മാഞ്ഞൂർ	4000
4	പൊന്നമ്മ പുത്തുങ്കൽ, കടുത്തുരുത്തി	10,000
5	ബെന്നി കുഴിത്തടത്തിൽ, ഞീഴൂർ	5000
6	ബിജു പൊത്തൻ പ്ലാക്കൽ	4000
7	ബാബു ഓളം കുട്ടിയിൽ, മുട്ടുചിറ	3000
8	രത്നമ്മ കഞ്ഞിറത്താനത്ത്, മാഞ്ഞൂർ	3500
	ആകെ	42500

കൃഷിനാശത്തിനുള്ള ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടില്ല. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 1-4-2012 മുതൽ പുനർനിർണ്ണയിച്ചിരുന്നു. മേൽപ്രകാരം വിളകൾക്ക് നിശ്ചയിച്ചിരുന്ന ധനസഹായം എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരമുള്ളതിനേക്കാൾ കൂടുതൽ ആയിരുന്നു. കേന്ദ്ര സർക്കാർ എസ്.ഡി. ആർ.എഫ്. മാനദണ്ഡങ്ങൾ പരിഷ്കരിച്ചപ്പോൾ ഈയിനത്തിൽ കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വരുകയുണ്ടായി. പ്രസ്തുത തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്നും കണ്ടെത്തുന്നകാര്യം പ്രസ്തുത വകുപ്പിൽ പരിശോധിക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന 1,66,51,075 രൂപ (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി അൻപത്തിയൊന്നായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) നഷ്ട പരിഹാരമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച കാബിനറ്റ് തീരുമാനം ഉണ്ടായിട്ടില്ല.

(സി) മീനച്ചിൽ താലൂക്ക് - 87,48,132 (എൺപത്തിയേഴ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) വൈക്കം താലൂക്ക്- 45,00,920 (നാല്പത്തിയഞ്ച് ലക്ഷത്തി തൊള്ളായിരത്തി ഇരുപത് രൂപാ മാത്രം.

LIBRARY ARCHIVES Kerala Legislative Assembly